**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വടക്കൻ പറവൂർ നഗരസഭയുടെ ഡെവലപ്പ് മെന്റ് പ്ലാൻ മരവിപ്പിച്ച നടപടി പിൻവലിച്ചുകൊണ്ടും, കണ്ണൂർ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിന് അനുമതി നല്കി കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(എം.എസ്)നം. 33/16/തസ്വഭവ. തിരുവനന്തപുരം,തീയതി: 12/02/16

==========================================================

പരാമർശം:- 1. 5/3/13ലെ സ.ഉ(എം.എസ്) നം.79/13/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. 23/3/15ലെ സ.ഉ(എം.എസ്) നം.88/15/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

3. 27/9/12ലെ സ.ഉ(എം.എസ്) നം.247/12/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

പരാമർശം ഒന്ന് സർക്കാർ ഉത്തരവ് പ്രകാരം വടക്കൻ പറവൂർ നഗരസഭയുടെ കരട് ഡെവലപ്പ് മെന്റ് പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ചില പ്രോജക്റ്റ് നിർ ദ്ദേശങ്ങളിൽ എതിർപ്പുകൾ ഉണ്ടായ സാഹചര്യത്തിൽ പരാമർശം രണ്ട് ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച കരട് മാസ്റ്റർ പ്ലാൻ താല്ക്കാലികമായി മരവിപ്പിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

പരാമർശം 3ലെ സർക്കാർ ഉത്തരവ് പ്രകാരം കണ്ണൂർ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവ് നൽകിയിരുന്നു.

പുതുക്കിയ മാസ്റ്റർ പ്ലാനുകൾ നിലവിൽ വരാത്തതുകാരണം നിരവധി പ്രശ്നങ്ങൾ പല സ്ഥലങ്ങളിലും ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടതിനാൽ ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. പ്രസിദ്ധീകരിച്ച കരട് മാസ്റ്റർ പ്ലാൻ/ഡെവലപ്പ് മെന്റ് പ്ലാൻ എന്നിവയിന്മേൽ ഉണ്ടാകുന്ന എതിർപ്പുകളും നിർ ദ്ദേശങ്ങളും കണക്കിലെടുത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള വ്യവസ്ഥകൾ ബന്ധപ്പെട്ട ആക്ടിലും/ഓർഡിനൻസിലും ഉൾ പ്പെടുത്തിയിട്ടുള്ളതിനാൽ മേൽ പരാമർശം (2) പ്രകാരം വടക്കൻ പറവൂർ നഗരസഭയുടെ കരട് ഡെവലപ്പ് മെന്റ് പ്ലാൻ മരവിപ്പിച്ച നടപടി പിൻവലിച്ചുകൊണ്ടും, പരാമർശം (3) പ്രകാരം പ്രസിദ്ധീകരണാനുമതി നല്കിയ കണ്ണൂർ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് കണ്ണൂർ നഗരസഭയ്ക്ക് അനുമതി നല്കികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

**എ.പി.എം.മുഹമ്മദ് ഹനീഷ്,**

സെക്രട്ടറി (നഗരകാര്യം)